# സ്കൂൾ ഗ്നു/ലിനക്സിൽ പ്രവർത്തിക്കുന്ന മൂവി പ്ലേയറുകൾ


1. Movie Player
2. VLC medai player
3. xine
4. Mplayer

ഇതിനു പുറമെ gxine, Kaboodle, Noatun, Kaffein, codeine, helix-player, kmplayer എന്നിവയും GNU/Linux ൽ ലഭ്യമായ മൂവി പ്ലേയറുകളാണ്. ഇവയിൽ ആദ്യത്തെ നാലെണ്ണത്തിന്റെ പ്രവർത്തന രീതി പരിശോധിക്കാം.


## 1. Movie Player (Totem movie player)

Totem movie player എന്നാണ് ഇതിന്റെ മുഴുവൻ പേര്. കമാന്റ് ലൈനിൽ totem എന്ന കമാന്റാണ് നൽകേണ്ടത്. ഇപ്പോൾ IT School GNU/Linux ൽ നിലവിലുള്ള Totem movie player ൽ വീഡിയോ സീഡി പ്രവർത്തിപ്പിക്കാൻ സാധ്യമല്ല. എന്നാൽ വീഡിയോ ഡിവിഡികൾ, മറ്റ് ഓഡിയോ/വീഡിയോ ഫയലുകൾ (സാധാരണ ഉപയോഗത്തിലുള്ള എല്ലാ ഫോർമാറ്റുകളും) എന്നിവ play ചെയ്യാൻ ഈ player കൊണ്ട് സാധിക്കും. IT School GNU/Linux (Gnome ഡെസ്ക്ടോപ്പിൽ പ്രവർത്തിക്കുന്ന Debian Linux) ലെ default മൂവി പ്ലേയർ ഇതാണ്. അതിനാൽ വീഡിയോ ഡിവിഡികൾ ഡ്രൈവിൽ ഇടുകയോ, മൂവി ഫയലുകളിൽ double click ചെയ്യുകയോ ചെയ്താൽ അവ ഈ പ്ലേയറിൽ തുറന്നുവരുന്നതു കാണാം. ഇങ്ങനെ സംഭവിക്കാത്ത സന്ദർഭങ്ങളിൽ വീഡിയോ ഡിവിഡികളും മൂവി ഫയലുകളും ഇതുപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതെങ്ങനെയെന്നു നോക്കാം. (totem-gstreamer, totem-xine എന്നി രണ്ടു തരം Totem movie player കൾ ഉണ്ട്. ഇതിൽ totem-xine ലാണ് വീഡിയോ ഡിവിഡികൾ നന്നായി പ്രവർത്തിക്കുന്നതായി കണ്ടിട്ടുള്ളത്. totem-gstreamer അൺ-ഇൻസ്റ്റാൾ ചെയ്തതിനു ശേഷമേ totem-xine ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കുകയുള്ളൂ. താഴെ വിവരിക്കുന്നത് totem-xine ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളാണ്.)

Application ⟶ Sound & Video ⟶ Movie Player എന്ന ക്രമത്തിൽ ടോടെം മൂവി പ്ലേയർ തുറക്കുക. വീഡിയോ ഡിവിഡി പ്ലേ ചെയ്യാൻ Movie മെനുവിലെ Play Disk ൽ ക്ലിക്കു ചെയ്താൽ മതി. (ചിത്രം നോക്കുക)



സേവ് ചെയ്ത് വെച്ചിട്ടുള്ള മൂവി ഫയലുകൾ പ്രവർത്തിപ്പിക്കാൻ Movie മെനുവിലെ Open ൽ ക്ലിക്ക് ചെയ്ത് ഫയൽ locate ചെയ്യുക. കൂടുതൽ എളുപ്പമുള്ള മറ്റൊരു മാർഗ്ഗമുണ്ട്. movie ഫയലുകളേയോ അവയടങ്ങുന്ന ഫോൾഡറിനേയോ Playlist എന്ന ഭാഗത്തേക്ക് ഡ്രാഗ് ചെയ്തിട്ടാൽ മതി. ഫയലുകൾ ഓരോന്നായി ക്രമത്തിൽ play ചെയ്തുകൊള്ളും.




വീഡിയോ സ്ക്രീൻ നിറഞ്ഞ് കാണണമെങ്കിൽ View മെനുവിലെ Fullscreen ൽ ക്ലിക്ക ചെയ്യുകയോ കീബോർഡിലെ F എന്ന കീ അമർത്തുകയോ ചെയ്താൽ മതി. തിരിച്ച് പഴയ രൂപത്തിലാക്കാനും അതേ കീ തന്നെ ഉപയോഗിക്കാം.

വീഡിയോയിൽ നിന്ന് നിശ്ചല ചിത്രം (screenshot) എടുക്കാൻ Edit മെനുവിലെ Take screenshot ൽ ക്ലിക്ക ചെയ്താൽ മതി. കീബോർഡിലെ Ctrl ഉം S ഉം ഒന്നിച്ചമർത്തിയും ഇത് സാധ്യമാക്കാം.

പ്ലേ ലിസ്റ്റ് ഉൾപ്പെടുന്ന സൈഡ് ബാർ നഷ്ടപ്പെട്ടാൽ View മെനുവിലെ Sidebar ൽ ക്ലിക്ക ചെയ്ത് വീണ്ടെടുക്കാം.

IT School GNU/Linux 3.0 / 3.2 പതിപ്പുകളിലേക്കുള്ള totem-xine താഴെ കൊടുത്തിട്ടുള്ള ലിങ്കിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

http://ftp.us.debian.org/debian/pool/main/t/totem/totem-xine_2.16.5-3_i386.deb

Synaptic Package Manager ഉപയോഗിച്ച് totem-gstreamer ഒഴിവാക്കിയതിനു ശേഷം ഡൗൺലോഡ് ചെയ്ത ഫയലിൽ right click ചെയ്ത് Gdebi Package Installer വഴി totem-xine ഇൻസ്റ്റാൾ ചെയ്യാം.

ഇതിന്റെ കമാന്റ് ലൈൻ പ്രവർത്തന രീതി നോക്കാം

vcd പ്രവർത്തിപ്പിക്കാൻ . terminal തുറക്കുക. (right clikc on desktop⟶open Terminal അല്ലെങ്കിൽ Application⟶Accessories⟶Terminal)

totem vcd:// എന്നോ അല്ലെങ്കിൽ totem vcd:///dev/cdrom എന്നോ ടൈപ്പ് ചെയ്ത് Enter ചെയ്യുക.

video dvd പ്രവർത്തിപ്പിക്കാൻ terminal ൽ totem dvd:// എന്ന കമാന്റ് നൽകിയാൽ മതിയാകും.

ഒരു ഫയൽ പ്രവർത്തിപ്പിക്കാൻ, ഫയൽ അടങ്ങുന്ന ഫോൾഡറിൽ right clikc ചെയ്യുക⟶open Terminal


അതിനു ശേഷം totem filename.xxx (filename.xxx എന്നതിനു പകരം പ്രവർത്തിപ്പിക്കേണ്ട ഫയലിന്റെ പേര് എക്സ്റ്റൻഷൻ ഉൾപ്പെടെ ടൈപ്പ് ചെയ്യുക.)

## 2. VLC Media Player


*VideoLan* പ്രോജക്ടിനു കീഴിൽ വികസിപ്പിച്ചെടുത്ത ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് VLC media player. കമാന്റ് ലൈനിൽ vlc എന്ന കമാന്റാണ് നൽകേണ്ടത്. IT School GNU/Linux ൽ വീഡിയോ സീഡി പ്ലേ ചെയ്യുന്നതിനുള്ള default മീഡിയ പ്ലേയർ ഇതാണ്. അതുകൊണ്ട് വീഡിയോ സീഡികൾ ഡ്രൈവിലിട്ടാൽ അവ തനിയെ ഈ പ്ലേയറിൽ തുറന്നുവരുന്നതു കാണാം. vcd ക്ക് പുറമെ വീഡിയോ ഡിവിഡികളും, ഓഡിയോ സിഡികളും മറ്റ് ഓഡിയോ/വീഡിയോ ഫയലുകളും play ചെയ്യുന്നതിന് തികച്ചും അനുയോജ്യമായ ഒരു സോഫ്റ്റ്‌വെയറാണിത്. മെനുവിലൂടെ ഇതു പ്രവർത്തിപ്പിക്കുന്നത് എങ്ങനെയെന്നു നോക്കാം.

Application ⟶ Sound & Video ⟶ VLC media player


VCD, വീഡിയോ ഡിവിഡി, ഓഡിയോ സിഡി എന്നിവ പ്ലേ ചെയ്യാൻ File മെനുവിലെ Open Disc ൽ ക്ലിക്ക് ചെയ്യുക. Disc type അനുയോജ്യമായത് (DVD menus, DVD, VCD, Audio CD) തിരഞ്ഞെടുത്ത് OK ബട്ടണിൽ ക്ലിക്കു ചെയ്യുക. (VCD പ്രവർത്തിക്കുന്നില്ലെങ്കിൽ മുൻ പ്രവർത്തനം ആവർത്തിച്ച് Disc type തിരഞ്ഞെടുക്കുന്ന ജാലകത്തിലെ Customize എന്ന ഭാഗത്ത് കാണുന്ന (ചിത്രത്തിലെ ചുവന്ന വൃത്തം നോക്കുക) vcdx എന്നതിലെ x എന്ന അക്ഷരം ഒഴിവാക്കി OK ബട്ടണിൽ ക്ലിക്കു ചെയ്യുക)




സേവ് ചെയ്ത് വെച്ചിട്ടുള്ള മൂവി ഫയലുകൾ പ്രവർത്തിപ്പിക്കാൻ File മെനുവിലെ Open file ൽ ക്ലിക്ക് ചെയ്ത് ഫയൽ locate ചെയ്യുക. movie ഫയലുകളേയോ അവയടങ്ങുന്ന ഫോൾഡറിനേയോ VLC media player റിന്റെ മുകളിലേക്ക് ഡ്രാഗ് ചെയ്തിട്ടാൽ മതി.




ഇനി പ്ലേ ലിസ്റ്റ് എടുത്താൻ (View ⟶ Playlist) നാം add ചെയ്ത ഫയലുകളെ നമുക്കവിടെ കാണാം.




വീഡിയോ സ്ക്രീൻ നിറഞ്ഞ് കാണണമെങ്കിൽ വീഡിയോയിൽ double click ചെയ്യുകയോ കീബോർഡിലെ F എന്ന കീ അമർത്തുകയോ ചെയ്താൽ മതി. തിരിച്ച് പഴയ രൂപത്തിലാക്കാൻ മുൻ പ്രവർത്തനം ആവർത്തിക്കുക.
screenshot എടുക്കാൻ വീഡിയോയിൽ right click⟶ snapshot. ഈ സ്ക്രീൻ ഷോട്ട് save ആകുന്നത് home ലെ .vlc എന്ന ഫോൾഡറിലാണ് ( Ubuntu 9.10 യിൽ .local/share/vlc ൽ). ഇത്തരം hidden folders കാണാൻ ഹോം ഫോൾഡറിന്റെ മെനു ബാറിലെ View മെനുവിലെ Show Hidden files ചെക്ക് ചെയ്യുക.
(Settings ⟶prefernece⟶video ⟶Video snapshot directory യിൽ പോയി snapshot ഫോൾഡർ നമുക്ക് customize ചെയ്യാം.)

ഇതിന്റെ കമാന്റ് ലൈൻ പ്രവർത്തന രീതി

terminal തുറന്ന് vlc vcd:// എന്ന നിർദ്ദേശം നൽകി vcd യും vlc dvd:// എന്ന കമാന്റ് വഴി വീഡിയോ ഡിവിഡിയും പ്രവർത്തിപ്പിക്കാം.
(ചിലപ്പോൾ :// എന്നതിനു പകരം :///dev/cdrom എന്ന് നൽകേണ്ടതായി വരും)
ഒരു വീഡിയോ ഫയൽ പ്രവർത്തിപ്പിക്കുന്നതിന് ഫയൽ അടങ്ങിയ ഫോൾഡർ terminal ൽ തുറന്ന് vlc filename (ഫയൽ നാമം എക്സ്റ്റൻഷൻ ഉൾപ്പെടെ നൽകുക) എന്ന കമാന്റ് നൽകുക.

# 3. Xine

GNU/Linux ലെ ലളിതമായ ഒരു മീഡിയ പ്ലേയറാണ് xine. xine-ui എന്ന package ഇൻസ്റ്റാൾ ചെയ്യുമ്പോഴാണ് ഈ പ്ലേയർ sound and video എന്ന മെനുവിൽ പ്രത്യക്ഷപ്പെടുന്നത്.




Application ⟶ Sound & Video ⟶ xine

ഒരു വീഡിയോ ഫയൽ പ്രവർത്തിപ്പിക്കുന്നതിന് xine window യിൽ right click ചെയ്ത് open ⟶file , ഫയൽ തെരഞ്ഞെടുത്ത് select ബട്ടണിൽ ക്ലിക്ക് ചെയ്യുക.

vcd, വീഡിയോ ഡിവിഡി എന്നിവ പ്ലേ ചെയ്യാൻ കണ്ട്രോൾ പാനലിലെ അതിനു വേണ്ടി നൽകിയിട്ടുള്ള ബട്ടണുകളിൽ ക്ലിക്ക് ചെയ്താൽ മതി. ചിത്രം നോക്കുക. സ്നാപ്പ് ഷോട്ട് എടുക്കുന്നതിനുള്ള സൗകര്യവും കണ്ട്രോൾ പാനലിലുണ്ട്. ചിത്രം നോക്കുക.

ഫുൾ സ്ക്രീൻ ലഭിക്കാൻ വീഡിയോ വിൻഡോയിൽ ഡബ്ൾക്ലിക്ക് ചെയ്താൽ മതി.

കണ്ട്രോൾ പാനൽ ക്ലോസ് ചെയ്താൽ വീണ്ടും കിട്ടുന്നതിന് xine window യിൽ right click ചെയ്താൽ കിട്ടുന്ന മെനുവിലുള്ള show controls എന്ന ബോക്സ് ചെക്ക് ചെയ്താൽ മതി.

ഇതിന്റെ കമാന്റ് ലൈൻ പ്രവർത്തന രീതി

terminal തുറന്ന് xine vcd:// എന്ന നിർദ്ദേശം നൽകി vcd യും xine dvd:// എന്ന കമാന്റ് വഴി വീഡിയോ ഡിവിഡിയും പ്രവർത്തിപ്പിക്കാം.

(ചിലപ്പോൾ :// എന്നതിനു പകരം :///dev/cdrom എന്ന് നൽകേണ്ടതായി വരും)

ഒരു വീഡിയോ ഫയൽ പ്രവർത്തിപ്പിക്കുന്നതിന് ഫയൽ അടങ്ങിയ ഫോൾഡർ terminal ൽ തുറന്ന്

xine filename (ഫയൽ നാമം എക്സ്റ്റൻഷൻ ഉൾപ്പെടെ നൽകുക) എന്ന കമാന്റ് നൽകുക.

മറ്റു പ്ലേയറുകളിൽ നിന്നും വ്യത്യസ്തമായി xine നുള്ള ഒരു സവിശേഷത, ഒരു വീഡിയോ പ്ലേ ചെയ്തുകൊണ്ടിരിക്കുമ്പോൾ മറ്റു മൂവി ഫയലുകളെ xine വിൻഡോയിലേക്ക് ഡ്രാഗ് ചെയ്തിട്ടാൽ ആദ്യത്തെ മൂവി പ്ലേ ചെയ്തു തീർന്നതിനു ശേഷമേ ഡ്രാഗ് ചെയ്തിട്ട ഫയലുകൾ (ഡ്രാഗ് ചെയ്തിട്ട ക്രമത്തിൽ) പ്ലേ ആവുകയുള്ളൂ. മറ്റു പ്ലേയറുകളിൽ ഇങ്ങനെ ചെയ്താൽ പ്ലേ ചെയ്തുകൊണ്ടിരിക്കുന്ന മൂവി നിൽക്കുകയും ഡ്രാഗ് ചെയ്തിട്ട ഫയൽ പ്ലേ ആവുകയും ചെയ്യും.

# 4. Mplayer


ഒട്ടുമിക്ക ഓഡിയോ വീഡിയോ ഫോർമാറ്റുകളേയും പിന്തുണയ്ക്കുന്ന ഒരു മീഡിയാ പ്ലേയറാണ് Mplayer. വിസിഡി, വീഡിയോഡിവിഡി എന്നിവയിൽ നിന്ന് വീഡിയോ extract ചെയ്യാനും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കാം.




Application ⟶ Sound & Video ⟶ xine

Mplayer വിൻഡോയിൽ right click ചെയ്താൽ ഫയൽ(1), vcd(2), DVD(3) എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള റ്റൂളുകൾ കാണാം (ചിത്രം നോക്കുക) . ഫുൾ സ്ക്രീൻ (4) ആക്കുന്നതിനുള്ള സൗകര്യവും ഇവിടെ കാണാം.

**പ്രത്യേക ശ്രദ്ധയ്ക്ക്:** സ്കൂൾ ലിനക്സ് 3.0/3.2 പതിപ്പുകളിലെ mplayer ൽ GUI മോഡിൽ വീഡിയോ പ്ലേ ചെയ്യണമെങ്കിൽ Mplayer വിൻഡോയിൽ right click ചെയ്ത് preferences⟶video യിൽ നിന്ന് ഒന്നാമത്തേതല്ലാത്ത ഒരു വീഡിയോ ഡ്രൈവർ സെലക്ട് ചെയ്ത് OK ചെയ്യുക. (preferences എടുക്കുമ്പോൾ വരുന്ന ഒരു warning message ലെ OK യിൽ ക്ലിക്ക് ചെയ്താലേ video ടാബ് സെലക്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.)



ഇതിന്റെ കമാന്റ് ലൈൻ പ്രവർത്തന രീതി

terminal തുറന്ന് mplayer vcd://2 എന്ന നിർദ്ദേശം നൽകി vcd യും mplayer dvd:// എന്ന കമാന്റ് വഴി വീഡിയോ ഡിവിഡിയും പ്രവർത്തിപ്പിക്കാം.

ഒരു വീഡിയോ ഫയൽ പ്രവർത്തിപ്പിക്കുന്നതിന് ഫയൽ അടങ്ങിയ ഫോൾഡർ terminal ൽ തുറന്ന്

mplayer filename (ഫയൽ നാമം എക്സ്റ്റൻഷൻ ഉൾപ്പെടെ നൽകുക) എന്ന കമാന്റ് നൽകുക.

## VCD യിൽ നിന്ന് വീഡിയോ കോപ്പി ചെയ്യാൻ.

GNU/LINUX ൽ കോപ്പി പേസ്റ്റ് സങ്കേതം ഉപയോഗിച്ച് VCD യിലുള്ള വീഡിയോ ഫയലുകളെ (avseqxx.dat) കോപ്പി ചെയ്യാൻ സാധിക്കാറില്ലല്ലോ. ഇത് സാധ്യമാക്കുന്ന പല സോഫ്റ്റ്വെയറുകളുണ്ട്.

**1. vcdimager.** കമാൻഡ് ലൈനിലാണ് ഇത് പ്രവർത്തിപ്പിക്കേണ്ടത്. പ്രവർത്തന ക്രമം താഴെ കൊടുക്കുന്നു.

1. vcd ഡ്രൈവിലിടുക.
2. വീഡിയോ കോപ്പി ചെയ്യുന്നതിനു വേണ്ടി ഒരു ഫോൾഡർ നിർമ്മിക്കുക (ഉദാ. its എന്ന യൂസറിന്റെ Desktop ൽ myvideos എന്ന ഫോൾഡർ.)
3. ഈ ഫോൾഡറിനു മുകളിൽ right click ചെയ്ത് terminal തുറക്കുക (Open in Terminal)
4. vcdxrip എന്ന കമാൻഡ് ടൈപ്പ് ചെയ്ത് Enter ചെയ്യുക.

(copying പൂർത്തിയായാൽ terminal ൽ $ പ്രോംപ്റ്റ് പ്രത്യക്ഷപ്പെടും. അതിനു ശേഷം മാത്രം terminal ക്ലോസ് ചെയ്യുക)

ഇപ്പോൾ ഫോൾഡറിനുള്ളിൽ mpg ഫോർമാറ്റിലുള്ള ഒന്നോ അതിൽ കൂടുതലോ ഫയലുകൾ കാണാം. ഈ ഫോൾഡർ തന്നെ മറ്റു വിസിഡികൾ rip ചെയ്യാൻ ഉപയോഗിക്കണമെങ്കിൽ mpg ഫയലുകളെ rename ചെയ്യുകയോ ഇവിടെ നിന്നു മാറ്റുകയോ ചെയ്യണം.

vcdxrip എന്നതിനു പകരം vcdxrip -C എന്നോ vcdxrip -C /dev/cdrom -p എന്നോ ഉപയോഗിക്കുന്നതാണ് കൂടുതൽനല്ലത്.

2. Mplayer, mencoder എന്നീ സോഫ്റ്റ്വെയറുകളുപയോഗിച്ചും vcd യിൽനിന്ന് വീഡിയോ കോപ്പി ചെയ്യാം. പ്രവർത്തന ക്രമം താഴെ കൊടുക്കുന്നു.

1, 2, 3 സ്റ്റെപ്പുകൾ മുകളിൽ വിവരിച്ചതു പോലെ ആവർത്തിക്കുക. അതിനു ശേഷം terminal ൽ

mplayer -dumpstream vcd://2 -dumpfile filename.avi എന്ന് ടൈപ്പ ചെയ്ത് Enter ചെയ്താൽ vcd യിലെ ഒന്നാമത്തെ വീഡിയോ ഫയൽ കോപ്പിയാകും. ഒന്നിൽ കൂടുതൽ .dat ഫയലുകളുള്ള vcd യാണെങ്കിൽ ഈ കമാന്റിൽ 2 എന്നതിനു പകരം 3, 4 എന്നിങ്ങനെ ടൈപ്പ് ചെയ്ത് നൽകേണ്ടതാണ്.


mencoder ഉപയോഗിച്ച് കോപ്പി ചെയ്യുന്നതിനുള്ള command താഴെ കൊടുക്കുന്നു.

mencoder vcd://2 -oac lavc -ovc lavc -o filename.avi


## 3 VLC ഉപയോഗിച്ചും VCD യിലുള്ള ഫയലിനെ കോപ്പി ചെയ്യാം. പ്രവർത്തനക്രമം ചുവടെ

Application ⟶ Sound & Video ⟶ VLC media player⟶File ⟶Open Disk⟶vcd

Advanced options ലെ Stream/save എന്ന ബോക്സ് ചെക്ക് ചെയ്ത് customize എന്ന ബോക്സിലെ vcdx ലെ x ഒഴിവാക്കിയതിനു ശേഷം settings എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ചിത്രം നോക്കുക)




File എന്ന ബോക്സ് ചെക്ക് ചെയ്ത് Browse എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് വീഡിയോ save ചെയ്യേണ്ട ഒരു folder സെലക്ട് ചെയ്ത് ഫയൽ നാമം.mpg നൽകി save ബട്ടൺ ക്ലിക്ക് ചെയ്യുക. (ചിത്രം നോക്കുക) തുടർന്നു വരുന്ന ബോക്സുകളിലെ OK കൾ ക്ലിക്ക് ചെയ്യുന്നതോടെ നിർദ്ദേശിക്കപ്പെട്ട ഫോൾഡറിലേക്ക് വീഡിയോ കോപ്പി ചെയ്യപ്പെടും.




**ഒരു vlc പ്രശ്ന പരിഹാരം. മലപ്പുറം മാസ്റ്റർ ട്രെയ്നർ കൃഷ്ണൻ മാഷ് പറഞ്ഞു തന്നത്.**

vlc യിൽ mpg ഫയലുകൾ പ്ലേ ചെയ്യുമ്പോൾ വീഡിയോക്ക് പകരം കളർ പാച്ചുകളാണ് കാണുന്നതെങ്കിൽ

Settings⟶Preferences⟶Video⟶Filters എന്നതിലെ Image properties filter ചെക്ക് ചെയ്ത് save ചെയ്യുക.